**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1548 | 02/07/2015-ൽ മറുപടിയ്ക്ക്

## അമിതമായി കീടനാശിനി കലർന്ന പച്ചക്കറികൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| എ) | മാരകമായ അളവിൽ കീടനാശിനികൾ പ്രയോഗിച്ച പച്ചക്കറികൾ സംസ്ഥാനത്ത് എത്തിച്ചേരുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാനമായും ഏതെല്ലാം ഇനം പച്ചക്കറികളിലാണ് അമിതമായി കീടനാശിനി പ്രയോഗമുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ കീടനാശിനി അവശിഷ്ടങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള കൃഷി വകുപ്പും, കേരള കാർഷിക സർവ്വകലാശാലയും സംയുക്തമായി നടപ്പിലാക്കുന്ന "സേഫ് ടു ഈറ്റ് " പദ്ധതി പ്രകാരം കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ നടത്തിയ പരിശോധനകളുടെ പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ റിപ്പോർട്ടനുസരിച്ച് പുതിനയില, കറിവേപ്പില, പച്ചമുളക്, പയർ എന്നീ 4 ഇനങ്ങളിൽപ്പെട്ട ഏഴ് സാമ്പിളുകളിൽ അപകടകരമായ അളവിൽ വിഷാംശം കണ്ടെത്തിയിട്ടുണ്ട്. |
| ബി) | കേരളത്തിൽ പ്രതിദിനം എത്ര ടൺ പച്ചക്കറി അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ചേരുന്നുണ്ട്; ഇവയിൽ കീടനാശിനി പ്രയോഗം കണ്ടുപിടിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ; | ബി) | കേരളത്തിൽ പ്രതിദിനം മൂവ്വായിരത്തോളം ടൺ പച്ചക്കറി അന്യ സംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ചേരുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ 20 ടണ്ണോളം പച്ചക്കറികൾ (സംസ്ഥാനത്ത് ലഭ്യമല്ലാത്തവ) ഹോർട്ടികോർപ്പ് സംഭരിച്ച് വിപണനം ചെയ്യുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് എത്തിച്ചേരുന്ന കീടനാശിനികളുടെ അളവ് പരിശോധിച്ചറിയുന്നത് നിലവിൽ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന "കിടനാശിനി അവശിഷ്ട പരിശോധന" ലാബിലാണ്. മണ്ണുസംരക്ഷണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ കീടനാശിനി അവശിഷ്ട പരിശോധനയ്ക്കുള്ള സജ്ജീകരണങ്ങൾ ചെയ്യുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷാംശമുള്ള കീടനാശിനി അടങ്ങിയ പച്ചക്കറികൾ കൊണ്ടുവരുന്ന വാഹനങ്ങളുടെ പരിശോധനയും മറ്റും ഭക്ഷ്യ സുരക്ഷാ വകുപ്പ് വഴി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സി) | അമിതമായി കീടനാശിനി പ്രയോഗിച്ച പച്ചക്കറികൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് വിശദമാക്കുമോ? | സി) അമിതമായി കീടനാശിനി പ്രയോഗിച്ച പച്ചക്കറികളുടെ ഉപരിതലത്തിൽ നിന്ന് അവയുടെ അവശിഷ്ടം ഗാർഹികതലത്തിൽ, ഉപയോഗത്തിനു മുമ്പേ നീക്കം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് കീടനാശിനി അവശിഷ്ട പരിശോധന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം വിശദമാക്കിയിട്ടുണ്ട്. ഗാർഹികതലത്തിൽ പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടേയും ഉപരിതലത്തിലുള്ള വിഷാംശത്തിന്റെ 80% വരെ നീക്കവാൻ സഹായിക്കുന്ന "വെജിവാഷ്" എന്ന ലായനിയുടെ ഫോർമുല കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്തത് കേരളത്തിലെ 30 സംരംഭകർക്ക് കൈമാറിയിട്ടുണ്ട്. ഈ ഉല്പന്നം വിവിധ ബ്രാൻഡ് പേരുകളിൽ വിപണിയിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ